(ബി) ഉണ്ടെങ്കിൽ അതിന്മേലുള്ള നടപടികൾ ഏതുവരെയായിട്ടുണ്ട് ;

(സി) ഇങ്ങനെയൊരു നിർദ്ദേശം നിലവിലില്ലെങ്കിൽ പുതിയതായി ഓഫീസ് സ്ഥാപിക്കുവാനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) നിർദ്ദേശങ്ങളൊന്നും ഉണ്ടായിരുന്നില്ല.

(സി) ചാത്തന്നൂരിൽ പുതിയ ഡിവൈ.എസ്.പി. ഓഫീസ് സ്ഥാപിക്കണമെന്നാവശ്യപ്പെട്ട് ഒരു നിർദ്ദേശം ലഭിച്ചിട്ടുണ്ട്. ആയത് പരിശോധിച്ച് വരുന്നു.

**ചാരുംമൂട് സർക്കിൾ ഇൻസ്പെക്ടർ ഓഫീസ്**

**46 (799)** ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ ജില്ലയിലെ ചാരുംമൂട് കേന്ദ്രമാക്കി പോലീസ് സർക്കിൾ ഇൻസ്പെക്ടർ ഓഫീസ് സ്ഥാപിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശമുണ്ടോ എന്ന് വിശദമാക്കുമോ ;

(ബി) എങ്കിൽ ചാരുംമൂട് കേന്ദ്രമായി അടിയന്തരമായി സി.ഐ. (പോലീസ്) ഓഫീസ് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ;

(സി) നാളിതുവരെ ചാരുംമൂട്ടിൽ സി.ഐ. ഓഫീസ് ആരംഭിക്കുന്നതിനുള്ള തടസ്സം എന്തായിരുന്നു എന്ന് വിശദമാക്കാമോ ?

ഉത്തരം

(എ-സി) നൂറനാട് സർക്കിൾ ഓഫീസ് ചാരുംമൂട്ടിൽ ആരംഭിക്കണമെന്നാവശ്യപ്പെട്ട് ഒരു നിവേദനം ലഭിച്ചിട്ടുണ്ട്. ടി നിവേദനത്തിലെ ആവശ്യം പരിശോധിച്ചുവരികയാണ്.

**വിജിലൻസ് കോടതികളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി**

**47 (801)** ഡോ. തോമസ് ഐസക് :
ശ്രീ. കെ. പി. സതീശ് ചന്ദ്രൻ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വിജിലൻസ് കോടതികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത കോടതികളിൽ ഫയൽ ചെയ്യപ്പെട്ട കേസുകളിൽ നല്ലൊരു ശതമാനത്തിലും കുറ്റപത്രം സമർപ്പിച്ചിട്ടില്ലെന്നകാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) കുറ്റപത്രം സമർപ്പിക്കപ്പെട്ടാൽ ഔദ്യോഗിക സ്ഥാനം വഹിക്കുന്നവരെ സസ്പെന്റു ചെയ്യുകയോ, ഔദ്യോഗിക സ്ഥാനത്തുനിന്നും മാറ്റി നിർത്തുകയോ ചെയ്യാറുണ്ടോ ?

ഉത്തരം

(എ) വിജിലൻസ് കോടതിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി, ടി കോടതികളുടെ ഓഫീസുകൾ കമ്പ്യൂട്ടറൈസ് ചെയ്യുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ട്.

(ബി) ഉണ്ട്.

(സി) കുറ്റപത്രം സമർപ്പിക്കപ്പെട്ട കേസുകളിന്മേൽ കോടതിവിധിയുടെ അടിസ്ഥാനത്തിലാണ് തുടർനടപടികൾ സ്വീകരിച്ചുവരുന്നത്.

**അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ ഓഫീസിൽ നടന്ന വിജിലൻസ് റെയിഡ്**

**48 (802)** ശ്രീ. വി. ജെ. പൗലോസ് :
ശ്രീമതി രാധാ രാഘവൻ :
ശ്രീ. എൻ. ഡി. അപ്പച്ചൻ :
പ്രൊ. സാവിത്രി ലക്ഷ്മണൻ :
ശ്രീ. ജോർജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2003 മാർച്ച് 31-ന് തിരുവനന്തപുരം അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ ഓഫീസിൽ വിജിലൻസ് ആന്റ് ആന്റി-കറപ്ഷൻ ബ്യൂറോ റെയിഡ് നടത്തിയിരുന്നുവോ ;

(ബി) എങ്കിൽ പ്രസ്തുത റെയിഡിൽ കണക്കിൽപ്പെടാത്ത എത്ര തുകയും മറ്റു രേഖകളും പിടിച്ചെടുത്തിട്ടുണ്ട് ;

(സി) അവിടെനിന്ന് കാര്യമായി ഒന്നും പിടിച്ചെടുക്കാൻ കഴിയാത്തപക്ഷം പ്രസ്തുത ഓഫീസിൽ അഴിമതിയില്ലെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ടോ ;

(ഡി) പ്രസ്തുത ഓഫീസിൽ റെയിഡ് നടത്തുന്നതിന് മുമ്പായി അത് സംബന്ധിച്ച വിവിരം പുറത്തുപോയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) റെയിഡ് നടത്തിയിരുന്നു.

(ബി) പ്രസ്തുത റെയിഡിൽ കണക്കിൽപ്പെടാത്ത തുകയോ മറ്റു രേഖകളോ പിടിച്ചെടുത്തിട്ടില്ല.

(സി) ഒന്നും പിടിച്ചെടുത്തില്ലെങ്കിലും പ്രസ്തുത ഓഫീസിൽ അഴിമതി ഇല്ലെന്ന അഭിപ്രായമില്ല.

(ഡി) മിന്നൽ പരിശോധന അതീവ രഹസ്യമായാണ് നടത്തിയത്. അതു സംബന്ധിച്ച വിവരം മിന്നൽ പരിശോധനയ്ക്കു മുമ്പ് പുറത്തുപോയതായി അറിവില്ല.

LIBRARY ARCHIVES Kerala Legislative Assembly